# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം ''അസൂയ നാശമാണ്'' (24/02/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

قُلْ أَعُوذُ بِرَبِّ الْفَلَقِ (١) مِن شَرِّ مَا خَلَقَ (٢) وَمِن شَرِّ غَاسِقٍ إِذَا وَقَبَ (٣) وَمِن شَرِّ النَّفَّـٰثَـٰتِ فِى الْعُقَدِ (٤) وَمِن شَرِّ حَاسِدٍ إِذَا حَسَدَ(٥) ﴿الفلق﴾

എല്ലാ സൃഷ്ടി ജാലങ്ങളോടും ഗുണകാംക്ഷ ഉണ്ടാകണമെന്നാണ് പറഞ്ഞ് വരുന്നത്.

- മരുന്ന് പോലെ പ്രധാനമാണ് പത്ഥ്യവും. മരുന്നു കഴിക്കുമ്പോൾ പത്ഥ്യം നോക്കാതിരുന്നാൽ രോഗം മാറില്ല. ഉദാ: ഷുഗറിന മരുന്ന് കഴിക്കുന്നയാൾ മധുരപദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ മരുന്ന് ഫലപ്പെടില്ല.

എന്നു മാത്രമല്ല, ചിലപ്പോൾ പത്ഥ്യം നോക്കൽ കൊണ്ട് തന്നെ രോഗം മാറിയേക്കാം. മരുന്ന് വേണ്ടി വരില്ല. ഉദാ: വ്യായാമം കൊണ്ട് കൊഴുപ്പ് കുറക്കാം. മരുന്ന് ഒഴിവാക്കാം. അപ്പോൾ പത്ഥ്യത്തിന വലിയ സ്ഥാനമുണ്ട്.

- ഇസ്‌ലാമും ഈ തത്വമാണ് പഠിപ്പിക്കുന്നത്. ഗുണകാംക്ഷകൊണ്ട് കൽപ്പിക്കുമ്പോൾ തന്നെ അതിന എതിരായ ദുർഗുണങ്ങളെ ഒഴിവാക്കാനും പറയുന്നു. കാരണം അവ രണ്ടും വൈരുദ്ധ്യങ്ങളാണ്. ഈ ദുർഗ്ഗുണങ്ങൾ കൊണ്ട് ഗുണകാംക്ഷ ഇല്ലാതാകുന്നു.

- ഗുണകാംക്ഷയുടെ നേർവിപരീതമാണ് അസൂയ. മറ്റൊരാളുടെ അനുഗ്രഹം നഷ്ടപ്പെടണം എന്ന ആഗ്രഹമാണ് അസൂയ.

الحسد هو تَمَنِّي زَوالِ نعمةِ الغَيْر

മറ്റൊരാൾക്കുള്ളതുപോലെ തനിക്കും ഉണ്ടാകണം എന്ന ആഗ്രഹം غبطة ആണ്. അത് കുറ്റകരമല്ല.

ഉദാ: അറിവ്/സമ്പത്ത്/വീട്/തൊഴിൽ........ മറ്റൊരാൾക്ക് ഉള്ളതുപോലെ തനിക്കും ഉണ്ടാകണ മെന്ന് ആഗ്രഹിക്കൽ

- സമതുല്യർ/കുടുംബക്കാർ/സഹകാരികൾ/ ഇത്തരക്കാരിലാണ് അധികമായി അസൂയ രൂപപ്പെടുന്നത്. കാരണം അവർക്ക് നമ്മുടെ അവസ്ഥകളും അനുഗ്രഹങ്ങളും കൂടുതൽ അറിയാൻ കഴിയും. സിനിമാ നടിക്കെതിരെ രംഗത്ത് വന്നതും ദ്രോഹിച്ചതും സിനിമാ രംഗത്തുള്ളവർ തന്നെയാണ്. വിശദീകരിക്കുക. യൂസഫ്(അ)യുടെ ചരിത്രം ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

إِذْ قَالُوا لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰ أَبِينَا مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِي ضَلَالٍ مُّبِينٍ (٨) اقْتُلُوا يُوسُفَ أَوِ اطْرَحُوهُ أَرْضًا يَخْلُ لَكُمْ وَجْهُ أَبِيكُمْ وَتَكُونُوا مِن بَعْدِهِ قَوْمًا صَالِحِينَ (٩) ﴿يوسف﴾

ഇവിടെ രണ്ട് കാര്യം വ്യക്തമാകുന്നുണ്ട്. 1-യൂസുഫാണ് പ്രിയങ്കരൻ എന്ന തോന്നലിൽ നിന്ന് ഉടലെടുത്ത അസൂയ, കൊന്നുകളയണം എന്ന ചിന്തയുണ്ടാക്കി. 2. ഇതെല്ലാം ചെയ്തത് സ്വന്തം സഹോദരന്മാർ തന്നെയായിരുന്നു. അത്രമേൽ മോശമാണ് ഈ ദുർഗുണം.

➤ ലോകത്തെ ഒന്നാമത്തെ തിന്മ അസൂയയിൽ നിന്ന് ഉണ്ടായതായിരുന്നു.

إِنَّ أَوَّلَ خَطِيئَةٍ كَانَتْ هِيَ الْحَسَدُ ، حَسَدَ إِبْلِيسُ آدَمَ عَلَيْهِ السَّلَامُ عَلَى رُتْبَتِهِ ، فَأَبَى أَنْ يَسْجُدَ لَهُ ، فَحَمَلَهُ الْحَسَدُ عَلَى الْمَعْصِيَةِ "(إحياء علوم الدين)

ആദ്യത്തെ കൊലപാതകവും അസൂയയുടെ പേരിൽ തന്നെ. ഖാബീലിന് ഹാബീലിനോട് രണ്ട് വിഷയത്തിൽ അസൂയ തോന്നി. 1.ഹബീലിന്റെ ഭാര്യ കൂടുതൽ മെച്ചപ്പെട്ടവളായി എന്നത്. (സ്വാവി) 2. ഹാബീലിന്റെ ഖുർബാൻ സ്വീകരിക്കപ്പെട്ടു എന്നതും. (ജലാലൈനി) ഇത് കൊലയിൽ കലാശിച്ചു.

وَاتْلُ عَلَيْهِمْ نَبَأَ ابْنَيْ آدَمَ بِالْحَقِّ إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ الْآخَرِ قَالَ لَأَقْتُلَنَّكَ ۖ قَالَ إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ (٢٧) ﴿المائدة﴾

(وَلَمْ يُتَقَبَّلْ مِنَ الآخَرِ وَهُوَ قَابِيلُ فَغَضِبَ وَأَضْمَرَ الْحَسَدَ فِي نَفْسِهِ) (جلالين)

➤ ഈ രോഗം നാം അറിയാതെ നമ്മിലേക്ക് ഇഴഞ്ഞ് കടന്നുവരുമെന്നും അത് ദീനിനെ തകർക്കുമെന്നും നബി(സ്വ) താക്കീത് നൽകിയിട്ടുണ്ട്.

وَعَنِ الزُّبَيْرِ رَضِيَ اللَّهُ عَنْهُ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : دَبَّ إِلَيْكُمْ دَاءُ الْأُمَمِ قَبْلَكُمْ الْحَسَدُ ، وَالْبَغْضَاءُ هِيَ الْحَالِقَةُ ، لَا أَقُولُ : تَحْلِقُ الشَّعْرَ ، وَلَكِنْ تَحْلِقُ الدِّينَ " ( أَحْمَدُ)

(മാരകമാണ് സൂക്ഷിക്കണമെന്നർത്ഥം.)

➤ നമ്മുടെ സൽക്കർമ്മങ്ങളെ മുഴുവനും ഇത് കാർന്ന് തിന്നും. ഒന്നും മിച്ചമുണ്ടാവില്ല.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " إِيَّاكُمْ وَالْحَسَدَ فَإِنَّ الْحَسَدَ يَأْكُلُ الْحَسَنَاتِ كَمَا تَأْكُلُ النَّارُ الْحَطَبَ " (أَبُو دَاوُد)

കൂടാതെ ഭൗതികവും പാരത്രികവുമായ നഷ്ടം വരുത്തും. ഖുർതുബി(റ) വിവരിക്കുന്നു

الْحَاسِدُ لَا يَنَالُ فِي الْمَجَالِسِ إِلَّا نَدَامَةً ، وَلَا يَنَالُ عِنْدَ الْمَلَائِكَةِ إِلَّا لَعْنَةً وَبَغْضَاءَ ، وَلَا يَنَالُ فِي الْخَلْوَةِ إِلَّا جَزَعًا وَغَمًّا ، وَلَا يَنَالُ فِي الْآخِرَةِ إِلَّا حُزْنًا وَاحْتِرَاقًا ، وَلَا يَنَالُ مِنَ اللَّهِ إِلَّا بُعْدًا وَمَقْتًا (القرطبي)

(അസൂയക്കാരൻ ജനങ്ങളിൽനിന്ന് ഖേദത്തെയും മലക്കുകളിൽ നിന്ന് ശാപ-പകയേയും സ്വകാര്യതയിൽ അസ്വസ്ഥതയും മനക്ലേശവും ആഖിറത്തിൽ ദു:ഖത്തെയും നരകത്തേയും അല്ലാഹുവിൽ നിന്ന് കോപത്തെയും ആട്ടിയോടിക്കപ്പെടലിനെയും അല്ലാതെ എത്തിക്കപ്പെടുകയില്ല.)

➤ അസൂയക്കാർക്കെതിരെ ലോകമെങ്ങും നടക്കുന്ന പ്രാർത്ഥനയുടെ ദോഷം അയാളിലേക്ക് മടങ്ങും.

قُلْ أَعُوذُ بِرَبِّ الْفَلَقِ (١) مِن شَرِّ مَا خَلَقَ (٢) وَمِن شَرِّ غَاسِقٍ إِذَا وَقَبَ (٣) وَمِن شَرِّ النَّفَّـٰثَـٰتِ فِى الْعُقَدِ (٤) وَمِن شَرِّ حَاسِدٍ إِذَا حَسَدَ(٥)

ഇത് ലോകമെമ്പാടും ഓതി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അസൂയക്കാരനെതിരെ ലോകം മുഴുവൻ റബ്ബിലേക്ക് അഭയം തേടുന്നു. അതിന്റെ ഫലം അയാൾക്ക് കിട്ടും. ഇത് വലിയ നാശമാണ്.

N.B. ഇവിടെ കെട്ടിൽ ഊതുന്നവരുടെ ദ്രോഹം കൊണ്ടുള്ള ഉദ്ദേശ്യം: സിഹ്ർ ചെയ്യുന്നവർ എന്നാണ്. മന്ത്രിച്ചൂതുന്നതിനെ കുറിച്ചല്ല. ഇത് വ്യക്തമായി വിശദീകരിക്കുക.

قَوْلُهُ : ( وَمِنْ شَرِّ النَّفَّاثَاتِ فِي الْعُقَدِ) النَّفَّاثَاتُ السَّوَاحِرُ. هُوَ تَفْسِيرُ الْحَسَنِ الْبَصْرِيِّ أَخْرَجَهُ الطَّبَرِيُّ بِسَنَدٍ صَحِيحٍ ، وَذَكَرَهُ أَبُو عُبَيْدَةَ أَيْضًا فِي " الْمَجَازِ " قَالَ : النَّفَّاثَاتُ السَّوَاحِرُ يَنْفُثْنَ (فتح الباري)